ഒഴിവാക്കണമെന്ന ആഗ്രഹത്തോടെ മുതിർന്ന പൗരനെ എവിടെയെങ്കിലും ഉപേക്ഷിച്ചാൽ അയാൾ മൂന്നുമാസത്തെ കഠിനതടവിനോ വെറും തടവിനോ അല്ലെങ്കിൽ 5000 രൂപ വരെ പിഴയ്ക്കോ അതുമല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷാർഹമാണ്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാനനയം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട നിയമപരവും ധാർമ്മികവുമായ ബാദ്ധ്യത മക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആയതിന്റെ ഭാഗമായി നിലവിൽ 4 ജില്ലകളിൽ നർമ്മ കൈരളിയുടെ "സ്വീറ്റ് 70" എന്ന നാടകം അവതരിപ്പിക്കുകയുണ്ടായി. മറ്റു ജില്ലകളിൽ കൂടി നാടകം അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെയിന്റനൻസ്, അപ്പലേറ്റ് ട്രൈബ്യൂണലുകളിലെ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും സബ് കളക്ടർമാർക്കും നിയമത്തെ കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വഴി പരിശീലനം നൽകുകയുണ്ടായി. എല്ലാ വർഷവും എല്ലാ ജില്ലകളിലും വയോജന ദിനം ആചരിക്കുകയും പ്രസ്തുത ദിനത്തിൽ വയോജന നയത്തെയും, വയോജനങ്ങൾക്കായുള്ള നിയമത്തെ കുറിച്ച് ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു.

മിശ്രവിവാഹിതർക്കുള്ള ധനസഹായം

415 (1861) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിശ്രവിവാഹിതരായ ദമ്പതികൾക്ക് സർക്കാർ എന്തെല്ലാം ധനസഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മിശ്രവിവാഹിതരായ ദമ്പതികളുടെ വരുമാനം കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) മിശ്രവിവാഹിതർക്കു ധനസഹായം നൽകുന്ന പദ്ധതിയെ സംബന്ധിക്കുന്ന നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ, വകുപ്പുതല സർക്കുലറുകൾ എന്നിവയുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വഴി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് വിവാഹധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 30,000 രൂപയാണ് ഒറ്റത്തവണ ധനസഹായമായി നൽകുന്നത്.

(ബി&സി) വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുകയും മൂന്നു കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായം അനുവദിക്കുന്നു. അപേക്ഷകരുടെ കുടുംബവാർഷിക വരുമാനപരിധി 22,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) മിശ്രവിവാഹ ധനസഹായ പദ്ധതിയുടെ വ്യവസ്ഥകൾ, പദ്ധതി ഭേദഗതി വരുത്തിക്കൊണ്ട് 24-4-2002-ൽ പുറപ്പെടുവിച്ച സ.ഉ.(എംഎസ്.) 5/2002/സാക്ഷേവ, മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും അർഹതയുള്ള കുടുംബ വാർഷിക വരുമാന പരിധി ഉയർത്തി നിശ്ചയിച്ചുകൊണ്ടും 9-9-2010-ൽ പുറപ്പെടുവിച്ച സ.ഉ.(എംഎസ്.)66/2010/സാക്ഷേവ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

മിഷൻ 676 മുഖേന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ

416 (1862) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഭിന്നശേഷി ഉള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.